# വടകര സെന്റ് ആന്റണീസും മേപ്പയൂർ ജിവിഎച്ച്എസ്എസും ജേതാക്കൾ

**കോഴിക്കോട്**

ഗവ. മോഡൽ ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ മേപ്പയൂർ ജിവിഎച്ച്എസ്എസും പെൺകുട്ടികളുടെ വിഭാഗത്തിൽ വടകര സെന്റ് ആന്റണീസ് സ്പോർട്സ് ക്ലബ്ബും ചാമ്പ്യന്മാരായി. ആൺകുട്ടികളിൽ സിഎം സിറ്റി രണ്ടാം സ്ഥാനവും പെൺകുട്ടികളുടെ വിഭാഗത്തിൽ സെന്റ് ആന്റണീസ് ഗേൾസ് ഹൈസ്കൂളും രണ്ടാംസ്ഥാനവും നേടി

ചാമ്പ്യൻഷിപ്പ് ത്രോബോൾ അസോസിയേഷൻ പ്രസിഡന്റ് കെ വി അബ്ദുൽ മജീദ് ഉദ്ഘാടനംചെയ്തു. സമാപന സമ്മേളനത്തിൽ സ്പോർട്സ് കൗൺസിൽ അംഗം അബ്ദുൽ റഹ്മാനും, ഡോ. അമ്പിളി രാഘവും സമ്മാനം നൽകി.

സുപ്രഭാതം

# സീനിയർ ത്രോ ബോൾ ചാംപ്യൻഷിപ്പിനു തുടക്കം

**കോഴിക്കോട്** • ജില്ലാ ത്രോ ബോൾ അസോസിയേഷൻ സംഘടിപ്പിക്കുന്ന ജില്ലാ സീനിയർ ചാംപ്യൻഷിപ്പ് ഗവ. മോഡൽ ഹയർസെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ ആരംഭിച്ചു.

ജില്ലാ ത്രോ ബോൾ അസോസിയേഷൻ പ്രസിഡന്റ് കെ.വി അബ്ദുൽ മജീദ് ഉദ്ഘാടനം ചെയ്തു.

പി. നിഷാന്ത് അധ്യക്ഷനായി. ജില്ലാ സ്പോർട്സ് കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം പി. പ്രേമചന്ദ്രൻ മുഖ്യാതിഥിയായി. കെ.വി അബ്ദുൽഗഫൂർ, ടി.കെ.സി മുഹമ്മദ്, അമ്പിളി രാഘവൻ, ടി. യു ആദർശ് സംസാരിച്ചു.



ജില്ലാ സീനിയർ ത്രോ ബോൾ ചാംപ്യൻഷിപ്പ് അസോസിയേഷൻ ജില്ലാപ്രസിഡന്റ് കെ.വി അബ്ദുൽ മജീദ് ഉദ്ഘാടനം ചെയ്യുന്നു